ഡി.പി.ഇ.പി. പുസ്തക മേള

109 (668) ശ്രീ. കെ. അച്ചുതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഡി.പി.ഇ.പി. പുസ്തകമേളയിൽ പുസ്തകം വാങ്ങാൻ ചുമതലപ്പെട്ട അധികാരി ആരായിരുന്നു. ;

(ബി) പുസ്തകം വാങ്ങുന്നതിനുള്ള നടപടിക്രമം വെളിപ്പെടുത്തുമോ ;

(സി) പുസ്തകം സെലക്ട് ചെയ്യാൻ അനുവദിച്ചില്ലായെന്ന പരാതി ലഭിച്ചിട്ടുണ്ടോ ;

(ഡി) സെലക്ട് ചെയ്യാൻ അനുവദിക്കാതെ ഏത് രീതിയിലാണ് പുസ്തകങ്ങൾ വിറ്റഴിച്ചത് ;

(ഇ) പുസ്തകം വാങ്ങുന്നതിന് ഗവൺമെന്റ് ഫണ്ട് അനുവദിച്ചിരുന്നുവോ ;

(എഫ്) എങ്കിൽ അതിന്റെ വിശദവിവരം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഡി.പി.ഇ.പി. പുസ്തകം വാങ്ങുന്നതിന് അതാത് സ്കൂൾ ഹെഡ്മാസ്റ്റർമാരെയാണ് ചുമതലപ്പെടുത്തിയിരുന്നത്.

(ബി) പുസ്തകം വാങ്ങുന്നതിനുള്ള നടപടി ക്രമം ചുവടെ ചേർക്കുന്നു.

1. അതാത് സ്കൂളുകളിലെ സ്കൂൾ റീസോഴ്സ് ഗ്രൂപ്പ് (പ്രസ്തുത സ്കൂളിലെ 1 മുതൽ 4 വരെ ക്ലാസ്സുകളിലെ അദ്ധ്യാപകർ ഉൾപ്പെടെ) കൂടിയിരുന്നു ഡി.പി.ഇ.പി.ലഭ്യമാക്കിയ 'വായിച്ചു വിളയുക' എന്ന പുസ്തക കാറ്റലോഗ് പരിശോധിച്ചു അവരുടെ കുട്ടികൾക്കാവശ്യമായ പുസ്തകങ്ങളുടെ ലിസ്റ്റു തയ്യാറാക്കുന്നു.
2. ഡി.പി.ഇ.പി. ഓരോ സ്കൂളിനും അനുവദിച്ചിട്ടുള്ള 2000 രൂപയുടെ പുസ്തകങ്ങൾ ഇങ്ങനെ തയ്യാറാക്കിയ ലിസ്റ്റിൽ നിന്നും ഹെഡ്മാസ്റ്റർമാർ അതാത് പുസ്തക പ്രസിദ്ധീകരണ ശാലകളിൽ നിന്നും വാങ്ങുന്നു.

(സി) ഇല്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

(ഇ) ഇല്ല. ഡി.പി.ഇ.പി. ഫണ്ട് ഉപയോഗിച്ചാണ് പുസ്തകങ്ങൾ വാങ്ങിയത്.

(എഫ്) ആറു ഡി.പി.ഇ.പി. ജില്ലകളിലെയും 1 മുതൽ 4 വരെ ക്ലാസ്സുകളുള്ള ഓരോ സ്കൂളിനും പ്രതിവർഷം 2000 രൂപ വീതമാണ് കുട്ടികൾക്കുള്ള പുസ്തകം വാങ്ങുന്നതിനായി ഡി.പി.ഇ.പി. സഹായധനം നൽകുന്നത്. ഈ തുകയാണ് പുസ്തകമേളയിലൂടെ പുസ്തകങ്ങൾ വാങ്ങുന്നതിന് ഉപയോഗപ്പെടുത്തിയത്. കുട്ടികളുടെ ക്ലാസ്സ് റും പഠനത്തെ സഹായിക്കുന്ന തരത്തിലുള്ള പുസ്തകങ്ങളാണ് മേളയിൽ നിന്നും വാങ്ങിയിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly